(ഡി) 2000-2001 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവായി 2873 ലക്ഷം രൂപയും രണ്ടാം ഗഡുവായി 498.38 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

ക്രിമിലെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കുറഞ്ഞ കാലപരിധി നിർണ്ണയിക്കാൻ നടപടി

26 (*56) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക ജാതിക്കാർക്ക് ജാതി സംവരണം ലഭിക്കുന്നതിന് ക്രിമിലെയറിൽ ഉൾപ്പെടുന്നില്ല എന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രയാസവും കാലതാമസവും നേരിടുന്നതിനാൽ അർഹതയുള്ളവർക്കും സംവരണാനുകൂല്യം ലഭിക്കാതെ പോകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത് കണക്കിലെടുത്ത് ക്രിമിലെയർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാനും അപേക്ഷകന് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഒരു കുറഞ്ഞ കാലപരിധി നിർണ്ണയിക്കാനും നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 7 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ക്രിമിലെയർ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിച്ച് പത്ത് ദിവസത്തിനകം തീർപ്പാക്കണമെന്ന് ഇപ്പോൾ തന്നെ ഉത്തരവുണ്ട്. ഈ കാലപരിധി കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്.

ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ രൂപീകരണവും പ്രവർത്തനവും

27 (*57) ശ്രീ. എ. അലിഹസ്സൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ രൂപീകരണവും അതിന്റെ പ്രവർത്തനവും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിക്ക് എപ്പോഴാണ് രൂപം നല്കിയതെന്നും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടാൻ എത്രകണ്ട് സാധിച്ചു എന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പൊതുജനങ്ങൾ ജലവിതരണവും നടത്തിപ്പും നേരിട്ട് നടത്തിവരുന്ന പദ്ധതികൾ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പൊതുജന പങ്കാളിത്തത്തോടെ പ്രവർത്തിച്ചുവരുന്ന ജലവിതരണ പദ്ധതിയുടെ കീഴിൽ ജലവിതരണവുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും അനുബന്ധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കീഴിലെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്തെ ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ കീഴിലെ ജലവിതരണപദ്ധതികളുടെ നടത്തിപ്പിൽ വനിതകൾ എന്തെങ്കിലും പങ്ക് വഹിച്ചുവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) ഉണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 80-100 ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലവിതരണം, പരിസര ശുചീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്ന സ്ഥാപനം 1999 നവംബർ മാസത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നടപടികൾ ഭംഗിയായി പുരോഗമിച്ചുവരുന്നു. ആദ്യപടിയായി തൃശ്ശൂർ ജില്ലയിലെ മുണ്ടത്തിക്കോട്, മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ, നെടിയിരുപ്പ്, പാലക്കാട് ജില്ലയിലെ ഏരിമയൂർ, കോഴിക്കോട് ജില്ലയിലെ കുന്നുമ്മേൽ എന്നീ പഞ്ചായത്തുകളിൽ പൈലറ്റ് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ആസൂത്രണത്തിന് മുമ്പുള്ള ഘട്ടവും ആസൂത്രണഘട്ടവും കഴിഞ്ഞ പൈലറ്റ് പദ്ധതി ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള ഘട്ടത്തിലാണ്. ലോകബാങ്ക് സഹായത്തോടുകൂടി നടപ്പാക്കുന്ന ഈ പദ്ധതിയുടെ സമഗ്രമായ വിലയിരുത്തൽ ലോകബാങ്ക് പൂർത്തിയാക്കുകയും പദ്ധതി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ലോകബാങ്കുമായി 2001 ജനുവരിയിൽ കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പദ്ധതി രൂപീകരണം നടത്തിയെന്ന അംഗീകാരം കേന്ദ്രസർക്കാരിൽനിന്നും ലോകബാങ്കിൽ നിന്നും റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസീസ് ലഭിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ.

(ഡി) ലോകബാങ്ക് സഹായത്തോടെയുള്ള ഇപ്പോഴത്തെ പദ്ധതി മുകളിൽപ്പറഞ്ഞ നാല് ജില്ലകളിലാക്കി നടപ്പിലാക്കിവരികയാണ്. ഇതേസമയം തന്നെ മറ്റ് ജില്ലകളിലും പടിപടിയായി ഇതേ മാതൃകയിൽ മറ്റ് രാജ്യാന്തര ഏജൻസികളുടെ സഹായത്താൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്ത്രീ ശാക്തീകരണം ആരോഗ്യ ശുചിത്വബോധവത്ക്കരണം, കക്കൂസ് നിർമ്മാണം, നീർമറി വികസനം; മലിനജലം ഒഴുക്കികളയുന്നതിനുള്ള പദ്ധതി മുതലായവയുടെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(എഫ്) വനിതകൾക്ക് പുരുഷൻമാരോടൊപ്പം തുല്യപങ്കാളിത്തമുള്ള ഗുണഭോക്തൃസമിതികളാണ് പദ്ധതി നടത്തുന്നത്. കൂടാതെ വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് വനിതകൾക്ക് മാത്രമായി വൈദഗ്ദ്ധ്യ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾക്കും പദ്ധതി പ്രകാരം അവസരങ്ങൾ ലഭ്യമാണ്. വനിതാ സംരംഭങ്ങൾക്കുവേണ്ടി 10 കോടി രൂപ പദ്ധതിയിൽ വകയിരുത്തി യിട്ടുണ്ട്.

നടപ്പുവർഷം നടപ്പാക്കുന്ന വൈദ്യുതി പദ്ധതികൾ

28 (*58) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനവൈദ്യുതി ബോർഡ് നടപ്പുസാമ്പത്തികവർഷം ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തികവർഷം നിർമ്മാണം ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും ആരംഭിക്കാനുദ്ദേശിക്കുന്നതുമായ വൈദ്യുതി പദ്ധതികളോരോന്നിലും എത്ര മെഗാവാട്ട് വൈദ്യുതി വീതമാണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ വൈദ്യുത പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) താഴെപ്പറയുന്ന വൈദ്യുതി പദ്ധതികളുടെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly